പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2825 09.05.2017-ലെ മറുപടിക്ക്

## കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയിലെ ബസുകളുടെ ക്ഷാമം

ചോദ്യം
ശ്രീ.ആർ. രാമചന്ദ്രൻ

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയിൽ ബസ്സുകളുടെ ക്ഷാമം മൂലം പല പ്രധാന സർവ്വീസുകളും നിർത്തി വച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കരുനാഗപ്പള്ളി ഡിപ്പോയിൽ നിന്ന് പ്രതിദിനം എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുവെന്നും 2017 ജനുവരി 1 ന ശേഷം എത്ര ഷെഡ്യൂളുകൾ നിർത്തിവച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ കരുനാഗപ്പള്ളി ഡിപ്പോയിൽ നിന്നും പ്രതിദിനം കെ.യു.ആർ.ടി.സി സർവ്വീസുകൾ ഉൾപ്പെടെ 73 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. 2017 ജനുവരി ഒന്നിനുശേഷം ബസുകളുടെ കുറവ് കാരണം അഞ്ച് ഷെഡ്യൂളുകൾ നിർത്തിവച്ചിട്ടുണ്ട്. |
| (സി) | ഈ ഡിപ്പോയിലെ ഫാസ്റ്റ് പാസഞ്ചർ ബസ്സുകളുടെ ക്ഷാമം പരിഹരിക്കുന്നതിനായി കൂടുതൽ ബസ്സുകൾ അനുവദിക്കുന്നിന് നടപടി സ്വീകരിക്കുമോ? | (സി) | കരുനാഗപ്പള്ളി ഡിപ്പോയിൽ 13 ഫാസ്റ്റ് പാസഞ്ചർ ഷെഡ്യൂളുകളാണുള്ളത്. ഇത് ഓടിക്കുന്നതിന് സ്പെയർ ഉൾപ്പെടെ 14 ബസുകൾ മാത്രമാണ് ആവശ്യമുള്ളത്. 16 ബസുകൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ